# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

2018 ജൂൺ 06, ബുധൻ

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

മറുപടി നൽകുന്ന മന്ത്രിമാർ

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി

ജലവിഭവ വകുപ്പുമന്ത്രി

തൊഴിലും എക്സൈസും വകുപ്പുമന്ത്രി

### ക്ഷീര മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി

*61. ഡോ.എം. കെ. മുനീർ

ശ്രീ.പി.ഉബൈദുള്ള

,, പി.കെ.ബഷീർ

,, കെ.എൻ.എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിത്തീറ്റയ്ക്ക് അടിയ്ക്കടി ഉണ്ടാകുന്ന വിലവർദ്ധനവ് മൂലം ക്ഷീര മേഖലയിൽ ഉണ്ടായിരിക്കുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സബ്സിഡി നിരക്കിൽ ക്ഷീരസംഘങ്ങൾ വഴി കാലിത്തീറ്റ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മൃഗാശുപത്രികളിൽ ന്യായവില മെഡിക്കൽ സ്റ്റോർ തുടങ്ങുന്ന കാര്യം പരിഗണിക്കുമോ എന്ന് അറിയിക്കുമോ?

### ഉപയോഗശൂന്യമായ ജലസ്രോതസ്സുകളുടെ സംരക്ഷണം

*62. ശ്രീ.സി.കെ. ഹരീന്ദ്രൻ

,, എ.എം. ആരിഫ്

പ്രൊഫ.കെ.യു. അരുണൻ

ശ്രീ.എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളെയും തോടുകളെയും ഗാർഹിക വ്യാവസായിക മാലിന്യങ്ങളുടെ സൗകര്യപ്രദമായ നിർഗമന സ്ഥലങ്ങളാക്കി മാറ്റുന്ന പ്രവണതയുടെ ഫലമായി ജലസ്രോതസ്സുകളിൽ ഭൂരിഭാഗവും ഉപയോഗ ശൂന്യമായിത്തീരുന്നതിനാൽ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ജലസുരക്ഷ ഭാവി തലമുറയുടെ കൂടി അവകാശമാണെന്ന കാഴ്ചപ്പാടോടെ ജല സംരക്ഷണ വിനിയോഗ സംസ്കാരം ജനങ്ങളിൽ വളർത്തിയെടുക്കാൻ നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) കരമനയാർ, കിള്ളിയാർ ഉൾപ്പെടെ അങ്ങേയറ്റം മലിനമായതോ നീരൊഴുക്ക് പോലും നിലച്ചുപോയതോ ആയ നദികളുടെ പുനരുജ്ജീവനത്തിന് നടത്തുന്ന ഇടപെടലുകൾ അറിയിക്കാമോ?

<u>ലഹരി വർജ്ജന ബോധവൽക്കരണ പ്രവർത്തനങ്ങൾ</u>

*63. ശ്രീ.എ.പി. അനിൽ കുമാർ

,, അനിൽ അക്കര

,, ഷാഫി പറമ്പിൽ

,, തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ സമ്പൂർണ്ണ ലഹരി വിമുക്തമാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വെളിപ്പെടുത്താമോ;

(ബി) മദ്യം, മയക്കുമരുന്ന് എന്നിവയുടെ വ്യാപനം തടയുന്നതിനായി എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ രൂപീകരിച്ച സ്ക്വാഡിന്റേയും എക്സൈസ് ഷാഡോ സംവിധാനത്തിന്റെയും പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനം ലഹരി മരുന്ന് വ്യാപാരത്തിന്റെ ഹബ്ബായി മാറിയിരിക്കുന്നുവെന്ന വാർത്ത ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ;

(ഡി) മദ്യ വർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കു മരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുന്നതിന് ലക്ഷ്യമിട്ടുമുള്ള വിമുക്തി പദ്ധതി വിജയപ്രദമാണോ; ഇതിലൂടെ മദ്യത്തിന്റെയും മയക്കു മരുന്നിന്റെയും ഉപഭോഗത്തിൽ കുറവ് വന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>സ്ഥിരം തൊഴിൽ ഇല്ലാതാക്കുന്ന നിയമ ഭേദഗതി</u>

*64. ശ്രീ.എം. വിൻസെന്റ്

,, കെ.സി.ജോസഫ്

,, ഹൈബി ഈഡൻ

,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ തൊഴിൽ നിയമങ്ങളിൽ വരുത്തിയ ഭേദഗതി തൊഴിലാളി താല്പര്യങ്ങൾക്ക് എതിരാണെന്ന ആക്ഷേപം വസ്തുതാപരമാണോ;

(ബി) സ്ഥിരം തൊഴിൽ ഇല്ലാതാക്കുന്നതിനുള്ള കേന്ദ്ര നീക്കം സംസ്ഥാനത്തെ തൊഴിൽ മേഖലയെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ലേബർ കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി ആന്റ് വെൽഫെയർ നിയമം തൊഴിലാളി താല്പര്യങ്ങൾക്ക് വിരുദ്ധമാണെന്നതിനാൽ അതിനെതിരെ സംസ്ഥാനത്തിന്റെ ആശങ്കകൾ കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ പ്രതികരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) കേന്ദ്ര സർക്കാരിന്റെ തൊഴിലാളി വിരുദ്ധ നടപടികൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കുന്നതിനും സംസ്ഥാനത്തെ തൊഴിലാളികളുടെ സംരക്ഷണത്തിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## കെട്ടിട നിർമ്മാണ തൊഴിലാളികളുടെ സുരക്ഷ

*65. ശ്രീ.അനൂപ് ജേക്കബ്

,, അൻവർ സാദത്ത്

,, എൽദോസ് പി. കുന്നപ്പിള്ളിൽ

,, വി.പി.സജീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കിടയിൽ അടിക്കടി അപകടങ്ങൾ ഉണ്ടാകുന്നതും തൊഴിലാളികൾ മരണപ്പെടുന്നതുമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ വൻകിട കെട്ടിട നിർമ്മാണങ്ങൾ നടത്തുന്നതും അത് പരിശോധിക്കേണ്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ അനാസ്ഥയുമാണ് ഇത്തരം അപകടങ്ങൾ ആവർത്തിക്കുന്നതിനുള്ള കാരണം എന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) വൻകിട കെട്ടിട നിർമ്മാണങ്ങൾ നടക്കുന്ന സൈറ്റുകളിൽ ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ നിരന്തര പരിശോധന നടത്തുന്നതിനും സുരക്ഷാ മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

## സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് ന്യായ വേതനം

*66. ശ്രീമതി യു. പ്രതിഭ ഹരി

ശ്രീ.കെ.സുരേഷ് കുറുപ്പ്

,, പി.ടി.എ. റഹീം

,, വി. അബ്ദുറഹിമാൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് ന്യായ വേതനം ഉറപ്പാക്കാനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) നഴ്സുമാർ ഉൾപ്പെടെയുള്ള ആശുപത്രി ജീവനക്കാർക്ക് നിലവിലുണ്ടായിരുന്ന വേതനവും സർക്കാർ പുതുക്കി നിശ്ചയിച്ച വേതനവും എത്രയെന്ന് അറിയിക്കാമോ;

(സി) സർക്കാരിന്റെ വിജ്ഞാപനത്തെ ചോദ്യം ചെയ്തുകൊണ്ട് ആശുപത്രി ഉടമകൾ നൽകിയ കേസ് തള്ളിയിട്ടും വിജ്ഞാപന പ്രകാരം നിശ്ചയിച്ച വേതനം നൽകാത്ത സ്ഥാപനങ്ങൾക്കെതിരെ കർശന നടപടിയെടുക്കുമോ;

(ഡി) ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തണമെന്നും എട്ട് മണിക്കൂറിൽ കൂടുതൽ ചെയ്യുന്ന ജോലിക്ക് ഓവർടൈം അലവൻസ് നൽകണമെന്നും ജീവനക്കാർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നുമുള്ള നിർദ്ദേശങ്ങൾ ആശുപത്രി മാനേജ്മെന്റുകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ പരിശോധന നടത്താറുണ്ടോ?

<u>ശുദ്ധജല വിതരണ പദ്ധതികൾ</u>

*67. ശ്രീ.ജി.എസ്.ജയലാൽ

,, വി.ആർ. സുനിൽ കുമാർ

,, ഇ.ടി. ടൈസൺ മാസ്റ്റർ

,, കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ജല ശുദ്ധീകരണത്തിനും വിതരണത്തിനുമുള്ള ജല അതോറിറ്റിയുടെ പദ്ധതികളിൽ ചിലത് മുടങ്ങിക്കിടക്കുന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) കിഫ്ബി, അമൃത് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ച പദ്ധതികളുടെ പൂർത്തീകരണത്തിന് അടിയന്തര നടപടി സ്വീകരിക്കാമോ?

<u>തൊഴിലാളികളുടെ അവകാശ സംരക്ഷണം</u>

*68. ശ്രീ.വി. ജോയി

,, ഇ.പി.ജയരാജൻ

,, കെ. ദാസൻ

,, എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികളെ ഇഷ്ടംപോലെ പിരിച്ചുവിടാനും സംഘടിതമായി വില പേശാനുള്ള അവരുടെ അവകാശം ഇല്ലാതാക്കാനും നിയമപരമായ അധികാരം നൽകിക്കൊണ്ട് കേന്ദ്ര സർക്കാർ കോർപ്പറേറ്റ് വത്ക്കരണവും കുത്തകവത്ക്കരണവും ശക്തിപ്പെടുത്തുന്ന അവസരത്തിൽ സംസ്ഥാനത്ത് തൊഴിലാളികളുടെ അവകാശം സംരക്ഷിക്കുന്നതിനും തൊഴിൽ സുരക്ഷിതത്വവും സാമൂഹ്യസുരക്ഷയും ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) നിലവിൽ നിയമം വഴി തൊഴിലാളികൾക്ക് നൽകുന്ന പരിരക്ഷ അവസാനിപ്പിക്കാനായി തൊഴിൽനിയമങ്ങൾക്ക് പകരം ലേബർ കോഡ് കൊണ്ടു വരാനുള്ള നീക്കത്തിൽ നിന്ന് പിൻമാറാൻ

കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുമോ;

(സി) പീടികകളിലെയും വാണിജ്യസ്ഥാപനങ്ങളിലെയും അസംഘടിത മേഖലയിലെയും തൊഴിലാളികൾക്ക് ന്യായ വേതനവും സൗകര്യങ്ങളും അവകാശങ്ങളും ഉറപ്പ വരുത്തുന്നതിന് ചെയ്ത കാര്യങ്ങൾ വ്യക്തമാക്കാമോ?

<u>പട്ടിക ഗോത്ര വർഗ സമൂഹത്തെ മുഖ്യധാരയിലെത്തിക്കുന്നതിനുള്ള നടപടികൾ</u>

*69. ശ്രീ.പി.വി. അൻവർ

,, രാജു എബ്രഹാം

,, കെ. ബാബു

,, പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക ഗോത്ര വർഗ സമൂഹത്തെ മുഖ്യധാരയിലെത്തിക്കുന്നതിന്റെ ഭാഗമായി അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകുന്നതിനും വിദ്യാഭ്യാസ രംഗത്തും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) പട്ടിക ഗോത്ര വർഗ സമൂഹം നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ചും അവ പരിഹരിക്കാൻ വേണ്ട ശിപാർശകളും ഉൾപ്പെടുന്ന റിപ്പോർട്ട് സാക്ഷരതാമിഷൻ സമർപ്പിച്ചിരുന്നോ; റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണ്;

(സി) ആധുനിക തൊഴിൽ രംഗത്ത് ആവശ്യമായ വൈദഗ്ധ്യ പരിശീലനവും സംരംഭത്തിന് ആവശ്യമായ സാമ്പത്തിക സഹായവും നൽകി വരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>പട്ടികജാതിക്കാർക്ക് തൊഴിൽ ലഭ്യമാക്കുന്ന പദ്ധതികൾ</u>

*70. ശ്രീ.കെ.ജെ. മാക്സി

,, ബി.സത്യൻ

,, മുരളി പെരുനെല്ലി

,, പി.കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ട വൈദഗ്ധ്യ വികസന പദ്ധതികളും സാമ്പത്തിക സഹായ പദ്ധതികളും എന്തെല്ലാമാണ്;

(സി) പട്ടികജാതി വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.കളുടെ നിലവാരം ഉയർത്തുന്നതിനും പ്ലെയ്സ്മെന്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

## പട്ടിക ഗോത്രവർഗ്ഗ മേഖലകളിലെ പ്രത്യേക തൊഴിലുറപ്പ് പദ്ധതി

*71. ശ്രീ.ബി.ഡി. ദേവസ്സി

,, കാരാട്ട് റസാഖ്

,, പി. ഉണ്ണി

,, കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പട്ടിക ഗോത്രവർഗ്ഗ മേഖലകളിലെ ദാരിദ്ര്യവും തൊഴിലില്ലായ്മയും കണക്കിലെടുത്ത് പ്രത്യേക തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ;

(ബി) പൊതുഭൂമിയിലും സ്വകാര്യസ്ഥലത്തുമുള്ള ഏതൊക്കെ ജോലികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; ഭക്ഷ്യോത്പന്നങ്ങൾ ഉൾപ്പെടെ എല്ലാത്തരം വിളകളുടെയും കൃഷി, പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിൽ കാർഡ് ലഭിച്ച ഒരു ലക്ഷത്തോളം പട്ടിക ഗോത്രവർഗ്ഗ കുടുംബങ്ങളിൽ പകുതിയോളം കുടുംബങ്ങൾക്ക് മാത്രമേ തൊഴിൽ ലഭിച്ചുള്ളുവെന്ന വാർത്തയുടെ നിജസ്ഥിതി അറിയിക്കാമോ; തൊഴിൽ ലഭിച്ചവർക്ക് ശരാശരി എത്ര ദിവസം തൊഴിൽ ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ?

## ബാങ്ക് അക്കൗണ്ട് വഴിയുള്ള വേതന വിതരണം

*72. ശ്രീ.റോഷി അഗസ്റ്റിൻ

,, മോൻസ് ജോസഫ്

,, പി.ജെ.ജോസഫ്

ഡോ.എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരഞ്ഞെടുക്കപ്പെട്ട തൊഴിൽ മേഖലകളിൽ മിനിമം വേതനം നടപ്പാക്കുന്നതിനായി ബാങ്ക് അക്കൗണ്ട് വഴി വേതനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) ഇത് സംബന്ധിച്ച സുരക്ഷാ മുൻകരുതൽ പാലിച്ചിട്ടുണ്ടോ; തൊഴിലുടമയ്ക്ക് അസൗകര്യം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ;

(സി) ഏതൊക്കെ മേഖലകളിലാണ് വേതന വിതരണം ബാങ്ക് അക്കൗണ്ട് മുഖേനയാക്കുന്നത്; ബാക്കിയുള്ള മേഖലകളിലും ഈ സമ്പ്രദായം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പുതിയ സംവിധാനം ബിസിനസ് താത്പര്യങ്ങൾക്ക് വിരുദ്ധവും ബിസിനസ് തന്ത്രങ്ങളുടെയും വ്യാപാര രഹസ്യങ്ങളുടെയും സംരക്ഷണം ഇല്ലാതാക്കുന്നതുമാണ് എന്ന പരാതി പരിശോധിക്കുമോ?

## കുടിവെള്ളത്തിൽ ഫ്ലൂറൈഡ്, ആർസെനിക് എന്നിവയുടെ സാന്നിദ്ധ്യം

*73. ശ്രീ.കോവൂർ കുഞ്ഞുമോൻ

,, കെ. കൃഷ്ണൻകുട്ടി

,, സി.കെ.നാണു

,, കെ.ബി.ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ളത്തിൽ ഫ്ലൂറൈഡ്, ആർസെനിക് എന്നിവയുടെ അംശം കണ്ടെത്തിയ ഗ്രാമങ്ങളെ സംബന്ധിച്ച പഠന വിവരങ്ങൾ ലഭ്യമാക്കുമോ; ഇങ്ങനെ കണ്ടെത്തിയിട്ടുള്ള ഗ്രാമങ്ങൾക്കായി ഏതെങ്കിലും കേന്ദ്ര പദ്ധതികൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഫ്ലൂറൈഡ്, ആർസെനിക് എന്നിവയുടെ അംശം കണ്ടെത്തിയ ഗ്രാമങ്ങളിൽ കുടിവെള്ളം എത്തിക്കാനുള്ള പ്രത്യേക ദേശീയ ജല ഗുണനിലവാര ഉപപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; ഈ പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

<u>സർക്കാരിന്റെ തൊഴിൽനയം</u>

*74. ശ്രീ.എൻ. ഷംസുദ്ദീൻ

,, കെ.എം.ഷാജി

,, പി.ബി. അബ്ദുൽ റസ്സാക്ക്

,, പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ തൊഴിൽനയം അംഗീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) തൊഴിൽനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പുതിയ നിയമനിർമ്മാണമോ നിലവിലെ നിയമങ്ങളിൽ ഭേദഗതിയോ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

<u>ഭൂമിയില്ലാത്ത പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമി</u>

*75. ശ്രീ.വി.എസ്.ശിവകുമാർ

,, വി.പി.സജീന്ദ്രൻ

,, ഷാഫി പറമ്പിൽ

,, പി.ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയില്ലാത്ത പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമിയെങ്കിലും നൽകുമെന്ന പ്രഖ്യാപനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) വനാവകാശ നിയമപ്രകാരം പട്ടികവർഗ്ഗക്കാർക്ക് വനഭൂമി വിതരണം ചെയ്യുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയവും സുപ്രീംകോടതിയും അനുമതി നൽകിയ സാഹചര്യത്തിൽ അനുമതി ലഭിച്ച

ഭൂമി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ ഭൂമിയാണ് ഇപ്രകാരം വിതരണം ചെയ്യുന്നത്;

(സി) വനഭൂമി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ പട്ടികവർഗ്ഗവിഭാഗത്തിൽപെട്ടവർക്ക് ഭൂമി വാങ്ങി നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ഇതുപ്രകാരം എത്ര കുടുംബങ്ങൾക്ക് ഒരേക്കർ ഭൂമി വീതം വാങ്ങി നൽകി;

(ഡി) വനാവകാശ നിയമപ്രകാരം ഭൂമി നൽകുന്ന പദ്ധതി അനുസരിച്ച് മുൻ സർക്കാരിന്റെ കാലത്ത് എത്ര പേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്; ഈ സർക്കാർ കഴിഞ്ഞ രണ്ട് വർഷം കൊണ്ട് എത്രപേർക്ക് ഭൂമി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

## <u>വന്യജീവി ആക്രമണം</u>

*76. ശ്രീ.സണ്ണി ജോസഫ്

,, കെ.സി.ജോസഫ്

,, വി.ടി.ബൽറാം

,, ഐ.സി.ബാലകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യമൃഗങ്ങൾ നാട്ടിലിറങ്ങി കൃഷി നശിപ്പിക്കുന്നതും ജനങ്ങളെ ആക്രമിക്കുന്നതുമായ സംഭവങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വന്യജീവികളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ് ; അവ ഫലപ്രദമാണോ എന്ന് വ്യക്തമാക്കുമോ;

(സി) കാലാവസ്ഥാവ്യതിയാനം മൂലമുള്ള ഭക്ഷ്യവസ്തുക്കളുടെ ദൗർലഭ്യം മൂലമാണ് അവ കൂട്ടത്തോടെ നാട്ടിലിറങ്ങുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വന്യജീവി സംഘർഷ മേഖലകളിൽ രൂപീകരിച്ച ജാഗ്രതാസമിതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ഇ) വന്യജീവികളുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് നൽകുന്ന നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## <u>വനം കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് നടപടി</u>

*77. ശ്രീ.ഷാഫി പറമ്പിൽ

,, പി.ടി. തോമസ്

,, വി.ഡി.സതീശൻ

,, എ.പി. അനിൽ കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന കേരള ഹൈക്കോടതിയുടെ വിധി നടപ്പിലാക്കുന്നതിന് ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) വനം വകുപ്പിന്റെ കണക്ക് പ്രകാരം 1.1.1977 ന് ശേഷം എത്ര ഹെക്ടർ വനഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്;

(സി) ഇതു പ്രകാരം ഏറ്റവും കൂടുതൽ കയ്യേറ്റം നടന്നിട്ടുള്ളത് ഏത് ഡിവിഷന്റെ കീഴിലാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കുന്നതിന് നിലവിൽ എന്തെങ്കിലും പ്രതിബന്ധം ഉണ്ടോ; വിശദമാക്കുമോ;

(ഇ) വിധി നടപ്പിലാക്കി കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുവാൻ കൂടുതൽ സമയം അനുവദിക്കണമെന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ എത്ര സമയം അനുവദിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

<u>പട്ടികജാതി ക്ഷേമ പദ്ധതികൾ</u>

*78. ശ്രീ.ബി.സത്യൻ

,, റ്റി.വി.രാജേഷ്

ശ്രീമതി യു. പ്രതിഭ ഹരി

ശ്രീ.എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതിക്കാരുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി നടപ്പാക്കി വരുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വിഭാഗത്തിൽപെട്ട പെൺകുട്ടികൾക്കായി 'വാത്സല്യനിധി' എന്നപേരിൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയ്ക്കായി ഒരു കുട്ടിയുടെ പേരിൽ സർക്കാർ അടയ്ക്കുന്ന പ്രീമിയം തുക എത്രയാണെന്നും 18 വയസ് തികയുമ്പോൾ ലഭിക്കുന്ന തുക എത്രയെന്നും വ്യക്തമാക്കാമോ ;

(ഡി) നടപ്പു സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ?

<u>പട്ടികവർഗ്ഗ വിഭാഗക്കാരായ ഗർഭിണികളുടെയും കുട്ടികളുടെയും ആരോഗ്യ സംരക്ഷണം</u>

*79. ശ്രീ.ഐ.സി.ബാലകൃഷ്ണൻ

,, അനിൽ അക്കര

,, സണ്ണി ജോസഫ്

,, അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികൾക്കും അവരുടെ കുഞ്ഞുങ്ങൾക്കും ആരോഗ്യ സംരക്ഷണത്തിനായി ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശം നൽകുമോ;

(ബി) 2017-18 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി പ്രകാരം എന്ത് തുക അനുവദിച്ചുവെന്നും അതിൽ

എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം എന്തൊക്കെ ഭക്ഷ്യധാന്യങ്ങളാണ് നിലവിൽ വിതരണം ചെയ്യുന്നത് ;വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടും ആദിവാസി വിഭാഗത്തിൽപ്പെട്ട ഗർഭിണികളായ അമ്മമാരുടെ ഇടയിൽ പോഷകാഹാര കുറവ് മൂലമുള്ള മരണവും കുഞ്ഞുങ്ങളുടെ ഇടയിൽ തൂക്കക്കുറവ് മൂലമുള്ള മരണവും സംഭവിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) പ്രസ്തുത പദ്ധതിക്ക് കേന്ദ്രസഹായം ലഭ്യമാണോ; വിശദാംശം വ്യക്തമാക്കുമോ?

<u>വനം കയ്യേറ്റം തടയുന്നതിനുള്ള നടപടികൾ</u>

*80. ശ്രീമതി ഗീതാ ഗോപി

ശ്രീ.മുല്ലക്കര രത്നാകരൻ

,, ജി.എസ്.ജയലാൽ

,, മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം കയ്യേറ്റം പൂർണ്ണമായി തടയുന്നതിന് ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) വനാതിർത്തി അളന്നുതിരിച്ച് ജണ്ട സ്ഥാപിക്കുന്ന പരിപാടിയുടെ പുരോഗതി വ്യക്തമാക്കുമോ;

(സി) വനാതിർത്തി അളന്നുതിരിച്ച് സർവേ നടത്തുന്നതിന് ഭരണതലത്തിൽ നടത്തിയ ക്രമീകരണങ്ങളും നടപടികളും വ്യക്തമാക്കുമോ;

(ഡി) ജണ്ടകൾ സ്ഥാപിച്ച് വനാതിർത്തി സംരക്ഷിക്കുന്ന പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ?

<u>തൊഴിലാളി -സംരംഭക സൗഹൃദ സംസ്ഥാനം</u>

*81. ശ്രീ.അനിൽ അക്കര

,, കെ.മുരളീധരൻ

,, എൽദോസ് പി. കുന്നപ്പിള്ളിൽ

,, റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലാളി -സംരംഭക സൗഹൃദമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) അമിതകൂലി ആവശ്യപ്പെടുന്നതും ചെയ്യാത്ത ജോലിക്ക് കൂലി ആവശ്യപ്പെടുന്നതും കുറ്റകരമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) ഗാർഹിക, കാർഷിക കയറ്റിറക്ക് മേഖലകളിൽ തൊഴിലുടമയ്ക്ക് ഇഷ്ടമുള്ള തൊഴിലാളികളെ നിയോഗിക്കുന്നതിനുള്ള അവകാശം നൽകിയിട്ടുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് തൊഴിലാളി സംഘടനകൾക്ക് ആവശ്യമായ ബോധവൽക്കരണം നൽകുന്നതിനും അവരുടെ സഹകരണം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) നോക്കുകൂലി നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് നിലവിൽ വന്നതിനു ശേഷവും ചില സ്ഥലങ്ങളിൽ നോക്കുകൂലി ആവശ്യപ്പെടുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം കേസുകളിൽ കർശന നടപടി സ്വീകരിക്കുമോ?

<u>ആദിവാസികൾക്ക് തൊഴിൽ</u>

*82. ശ്രീ.പാറക്കൽ അബ്ദുല്ല

,, എൻ. ഷംസുദ്ദീൻ

,, കെ.എം.ഷാജി

,, പി.ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലകളിൽ ഇരുന്നൂറു ദിവസം തൊഴിലുറപ്പുപദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഇവർക്ക് മുടങ്ങാതെ വേതനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>സ്കിൽ ലൈസിയം</u>

*83. ശ്രീ.സി. ദിവാകരൻ

,, ആർ. രാമചന്ദ്രൻ

,, ജി.എസ്.ജയലാൽ

,, മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ നൈപുണ്യ വികസനത്തിനായി ഈ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ;

(ബി) തൊഴിൽ നൈപുണ്യം, നൂതന സാങ്കേതികവിദ്യകൾ എന്നിവയ്ക്കായി സ്കിൽ ലൈസിയം (Skill lyceum) സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രസ്തുത സ്കിൽ ലൈസിയത്തിന്റെ സവിശേഷതകൾ അറിയിക്കുമോ;

(ഡി) ഇത് എന്നേക്ക് നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ?

<u>ജലസ്രോതസ്സുകളുടെ മലിനീകരണം</u>

*84. ശ്രീ.പി.ടി. തോമസ്

,, കെ.സി.ജോസഫ്

,, ഹൈബി ഈഡൻ

,, തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) സംസ്ഥാനത്തെ നദികളും പുഴകളും ഗുരുതരമായ തോതിൽ മലിനപ്പെടുകയാണെന്ന റിപ്പോർട്ടുകൾ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, വൻകിട റിസോർട്ടുകൾ, ഹോട്ടലുകൾ എന്നിവയിൽ നിന്നും പുറത്തുവിടുന്ന സീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നദികളെയും പുഴകളെയും മലിനപ്പെടുത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) ഇവിടങ്ങളിൽ ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനം ഏർപ്പെടുത്തുന്നതിനും അവ നിരന്തരം നിരീക്ഷിക്കുന്നതിനും നിലവിലുള്ള സംവിധാനം എന്താണെന്ന് അറിയിക്കാമോ;

(ഡി) നിലവിൽ പല നിയമങ്ങളും ഉണ്ടെങ്കിലും അവ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാനുള്ള സംവിധാനം ദുർബലമായതാണ് നിയമലംഘനം നടത്തുന്നതിനുള്ള കാരണം എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുക;

(ഇ) 2003ലെ കേരള ജലസേചനവും ജലസംരക്ഷണവും നിയമത്തിൽ ഭേദഗതി വരുത്തി ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കുള്ള ശിക്ഷാനടപടികൾ കർശനമാക്കുന്ന കാര്യം അടിയന്തരമായി പരിഗണിക്കുമോ?

<u>ക്ഷീരസഹകരണ സംഘങ്ങൾ</u>

*85. ശ്രീ.പുരുഷൻ കടലുണ്ടി

,, ജെയിംസ് മാത്യു

,, കെ. ബാബു

,, ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ക്ഷീരസഹകരണ സംഘങ്ങളുടെ ശാക്തീകരണത്തിനും ആധുനികവത്കരണത്തിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ക്ഷീരസഹകരണ സംഘങ്ങളിലൂടെയുള്ള പാൽ സംഭരണത്തിൽ മുൻകാലങ്ങളിലേക്കാൾ വളർച്ച രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ക്ഷീരസഹകരണ സംഘങ്ങൾക്ക് നിലവിൽ നൽകി വരുന്ന ധനസഹായ പദ്ധതികൾ എന്തെല്ലാമാണ്;

(ഡി) ക്ഷീരസഹകരണ മേഖലയെക്കുറിച്ച് പഠിക്കാൻ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ലഹരിവസ്തുക്കളുടെ കടത്ത് തടയുന്നതിന് നടപടി</u>

*86. ശ്രീ.കെ.ഡി. പ്രസേനൻ

,, എ. എൻ. ഷംസീർ

,, ജോർജ് എം. തോമസ്

ശ്രീമതി.വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവാക്കളെയും വിനോദസഞ്ചാരികളെയും ലക്ഷ്യമിട്ടുകൊണ്ട് കഞ്ചാവ് ഉൾപ്പെടെയുള്ള മയക്കുമരുന്നുകൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടു വരുന്നത് കർശനമായി തടയുന്നതിന് അതിർത്തി ചെക്ക്പോസ്റ്റ് സംവിധാനം കാര്യക്ഷമമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) എൻഫോഴ്സ്മെന്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തുന്ന ഡിജിറ്റൽ വയർലെസ് സംവിധാനത്തെയും മറ്റ് ആധുനീകരണ ശാക്തീകരണ പ്രവർത്തനങ്ങളെയും കുറിച്ച് വ്യക്തമാക്കുമോ;

(സി) ലഹരിക്കെതിരെയുള്ള പോരാട്ടം ശക്തമാക്കുന്നതിന് ഉദ്യോഗസ്ഥരുടെ അംഗബലത്തിൽ ആവശ്യാനുസൃതമായ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) വിമുക്തി മിഷന്റെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>അപ്നാഘർ പദ്ധതി</u>

*87. ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ

,, അനൂപ് ജേക്കബ്

,, അൻവർ സാദത്ത്

,, എ.പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരപ്രദേശങ്ങളിലെ അസംഘടിത മേഖലയിൽ ജോലിചെയ്യുന്ന കുറഞ്ഞ വരുമാനമുള്ള തൊഴിലാളികൾക്കായി 'അപ്നാഘർ' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) നിലവിൽ എവിടെയൊക്കെയാണ് ഈ പദ്ധതി പ്രകാരം ഫ്ലാറ്റുകൾ നിർമ്മിച്ചിട്ടുള്ളത്; അവയുടെ വിതരണം പൂർത്തിയായിട്ടുണ്ടോ;

(സി) തിരുവനന്തപുരത്തും കൊച്ചിയിലും കോഴിക്കോട്ടും പ്രസ്തുത പദ്ധതി പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ;

(ഡി) തോട്ടം മേഖലയിലെ തൊഴിലാളികൾക്കായി 'സ്വന്തം വീട്' പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഇത് പ്രകാരം ഏതൊക്കെ സ്ഥലങ്ങളിൽ അവർക്കായി വീട് നിർമ്മിച്ച് നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

<u>ആദിവാസികൾക്ക് വനവിഭവങ്ങളിലുള്ള അവകാശം</u>

*88. ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ

,, ചിറ്റയം ഗോപകുമാർ

,, എൽദോ എബ്രഹാം

ശ്രീമതി സി.കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികൾക്ക് ചെറുകിട വനവിഭവങ്ങളിലുള്ള അവകാശം അനുവദിച്ച് സാമൂഹികാവകാശരേഖ നല്കുന്ന നടപടി പൂർത്തിയായോ; വിശദമാക്കാമോ;

(ബി) വനവിഭവങ്ങൾ മൂല്യവർദ്ധന നടത്തി വിപണിയിലെത്തിക്കുന്ന വനശ്രീ സംവിധാനം കാര്യക്ഷമമാണോ; ആയത് ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) തലമുറകളായി ആദിവാസികൾ നട്ടു വളർത്തിയതോ പരിപാലിച്ചു വരുന്നതോ ആയ ആഞ്ഞിലി, പ്ലാവ് തുടങ്ങിയ മരങ്ങൾ മുറിച്ച് മാറ്റുന്നതിനുള്ള അനുവാദം അവർക്ക് നല്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

<u>വിമുക്തി മിഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന് നടപടി</u>

*89. ശ്രീ.വി. അബ്ദുറഹിമാൻ

,, എ.എം. ആരിഫ്

,, കെ.സുരേഷ് കുറുപ്പ്

,, കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരി വർജന മിഷൻ 'വിമുക്തി'യുടെ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിനും ഇത് കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) 'വിമുക്തി'യുടെ സന്ദേശം ജനങ്ങളിലെത്തിക്കുന്നതിനായി കുടുംബശ്രീ പ്രവർത്തകരുടെ സഹായത്തോടെ വീടുകളിൽ സ്റ്റിക്കർ പതിക്കുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ;

(സി) പ്രസ്തുത മിഷന്റെ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഉത്സവങ്ങളോടും ആഘോഷങ്ങളോടും അനുബന്ധിച്ച് ബോധവൽക്കരണ സ്റ്റാളുകൾ സജ്ജീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ക്ഷീരമേഖലയിലെ പ്രവർത്തനങ്ങൾ</u>

*90. ശ്രീ.യു. ആർ. പ്രദീപ്

,, ജെയിംസ് മാത്യു

,, കെ.കുഞ്ഞിരാമൻ

ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അത്യുല്പാദന ശേഷിയുള്ള കിടാരികളുടെയും തീറ്റപ്പുൽ, കാലിത്തീറ്റ എന്നിവയുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിനായി ക്ഷീരമേഖലയിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) ക്ഷീര സഹകരണ സംഘങ്ങളെ ശാക്തീകരിച്ച് അവ വഴിയുള്ള പാൽ സംഭരണം വർദ്ധിപ്പിക്കാൻ സാദ്ധ്യമായിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് നിലവിലുള്ള ത്രിതല ക്ഷീര സഹകരണമേഖലയെക്കുറിച്ച് പഠിക്കാനായി നിയോഗിച്ച

കമ്മിറ്റിയുടെ കണ്ടെത്തലുകളും ശിപാർശകളും എന്തെല്ലാമാണ്; വിവിധ തലങ്ങളിലുള്ള സംഘങ്ങളുടെ ഭരണ സമിതിയിലേക്കുള്ള തെരഞ്ഞെടുപ്പ് ജനാധിപത്യപരവും കർഷക പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതുമാക്കി മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, വി. കെ. ബാബുപ്രകാശ്,

തിരുവനന്തപുരം, സെക്രട്ടറി,

29-05-2018

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].